(ബി-ഡി) ഇങ്ങനെയുള്ള തെറ്റുകൾ ക്രമപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ അടങ്ങുന്ന ഒരു ഉത്തരവ് വൈദ്യുതി ബോർഡ് ഇറക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ [B.O. (FB) No. 2518/2013 dated 28-11-2013 (KSEB/TRAC/S Code/R2/2009) പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.* വിശദാംശങ്ങൾ ടി ഉത്തരവിൽ പരാമർശിക്കുന്നു.

**പുതിയ വൈദ്യുതി കണക്ഷന് വർദ്ധിപ്പിച്ച മീറ്റർവാടക**

**46 (6497)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വൈദ്യുതി കണക്ഷൻ എടുക്കുന്നവർക്ക് മീറ്റർ വാടക നിരക്കിൽ വർദ്ധനവ് വരുത്തുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങളും അപ്രകാരം വർദ്ധനവു വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കാനുണ്ടായ സാഹചര്യങ്ങളും വ്യക്തമാക്കുമോ ;

(സി) വൈദ്യുതി നിരക്ക് വർദ്ധനവുമൂലമുണ്ടായിട്ടുള്ള അധികഭാരം തന്നെ ഉപഭോക്താക്കൾക്ക് താങ്ങാനാകാത്ത സാഹചര്യത്തിൽ മീറ്റർ വാടക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഒഴിവാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് 2002-നുശേഷം മീറ്ററിന്റെ വാടക വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ ടി. കാലയളവിൽ സിംഗിൾ ഫേസ് മീറ്ററുകളുടെയും ത്രീഫേസ് മീറ്ററുകളുടെയും വിലയിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2001-02 കാലയളവിൽ സിംഗിൾ ഫേസ് മീറ്ററിന്റെ വില 250 മുതൽ 300 രൂപവരെ ഉണ്ടായിരുന്നത് ഇപ്പോൾ 700 മുതൽ 800 രൂപയായിട്ടാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. കൂടാതെ ത്രീഫേസ് മീറ്ററുകളുടെ വില 2001-02 കാലയളവിൽ കേവലം 750 രൂപ ഉണ്ടായിരുന്നത് ഇപ്പോൾ 2100 മുതൽ 2,200 രൂപയിലേക്ക് വർദ്ധിച്ചിട്ടുണ്ട്. ടി. വർദ്ധനവ് കണക്കിലെടുത്ത് പുതുതായി കണക്ഷനെടുക്കുന്ന ഉപഭോക്താക്കൾക്ക് സിംഗിൾ ഫേസ് മീറ്ററുകൾക്ക് മീറ്റർ വാടക പ്രതിമാസം 10 രൂപയിൽനിന്നും 20 രൂപയായി വർദ്ധിപ്പിക്കാനും ത്രീ ഫെയ്സ് മീറ്ററുകൾക്ക് മീറ്റർ വാടക പ്രതിമാസം 20 രൂപയിൽനിന്നും 50 രൂപയായി വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങൾ വൈദ്യുതി ബോർഡ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഉപഭോക്താക്കൾക്ക് തുടർന്നും പഴയ നിരക്കിൽ തന്നെ മീറ്റർ വാടക തുടരാനും വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള ഉപഭോക്താക്കൾക്ക് പുതിയതായി മീറ്റർ മാറ്റിസ്ഥാപിക്കേണ്ടി വരുന്നപക്ഷം പുതിയ മീറ്ററുകൾക്ക് പുതിയ നിരക്കിൽ മീറ്റർ വാടക നൽകണമെന്ന് വൈദ്യുതി ബോർഡ് കമ്മീഷൻ മുമ്പാകെ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ ഉപഭോക്താക്കൾ സ്വന്തം നിലയിൽ മീറ്റർ വാങ്ങിവയ്ക്കുകയാണെങ്കിൽ ടി. ഉപഭോക്താക്കളെ മീറ്റർ വാങ്ങിവയ്ക്കുന്ന തീയതിമുതൽ മീറ്റർ വാടകയിൽനിന്നും പൂർണ്ണമായും ഒഴിവാക്കുന്നതാണ്. ഉപഭോക്താക്കൾ സ്വന്തമായി മീറ്റർ വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വൈദ്യുതി ബോർഡ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മൊത്തമായി മീറ്റർ വാങ്ങി ടെസ്റ്റ് ചെയ്ത് തെരഞ്ഞെടുത്ത ഓഫീസുകളിൽനിന്നും വിലയ്ക്ക് വഭ്യമാക്കുന്നതാണ്.

## ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ

**47 (6498)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിമോഷണം കണ്ടുപിടിക്കുന്നതിനുള്ള എത്ര ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് എന്നറിയിക്കുമോ ;

(ബി) ഓരോ സ്ക്വാഡിന്റെയും ഘടന എപ്രകാരമാണ് ; സ്ക്വാഡിന്റെ തലവൻ ആരാണ് ;

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര രൂപയുടെ വൈദ്യുതി മോഷണം പ്രസ്തുതസ്ക്വാഡ് കണ്ടുപിടിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) നിലവിൽ സ്ക്വാഡിന് നേതൃത്വം നൽകുന്ന പോലീസ് ഉദ്യോഗസ്ഥരെ മാറ്റി ബോർഡിലെതന്നെ എഞ്ചിനീയർമാരെ സ്ക്വാഡുതലവന്മാരാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 13 സ്ക്വാഡുകൾ.

(ബി) ഓരോ സ്ക്വാഡും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്.

ഓരോ സ്ക്വാഡിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു പുറമെ താഴെപ്പറയുന്ന പ്രകാരം മറ്റ് ഉദ്യോഗസ്ഥരും ഉൾപ്പെട്ടിട്ടുണ്ട് :

1. അസിസ്റ്റന്റ് എഞ്ചിനീയർ – 1
2. സബ് എഞ്ചിനീയർ –1
3. ലൈൻമാൻ/ഓവർസീയർ –1
4. സിവിൽ പോലീസ് ഓഫീസർ –1
5. ജൂനിയർ അസിസ്റ്റന്റ്/സീനിയർ അസിസ്റ്റന്റ് –1
6. ഓഫീസ് അറ്റൻഡന്റ് –1.

(സി) എ.റ്റി.പി.എസ്.-ന്റെ 13 സ്ക്വാഡുകളുംചേർന്ന് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 9,72,57,121/- രൂപയുടെ വൈദ്യുതി മോഷണം കണ്ടു പിടിച്ചിട്ടുണ്ട്. ഓരോ സ്ക്വാഡും കണ്ടുപിടിച്ച തുക താഴെ കൊടുക്കുന്നു :

| സ്ക്വാഡിന്റെ പേര് | കണ്ടുപിടിച്ച തുക |
|---|---|
| (1) | (2) |
| തിരുവനന്തപുരം യൂണിറ്റ് | 1,17,09,132 |
| കൊല്ലം | 1,94,39,531 |

LIBRARY ARCHIVES Kerala Legislative Assembly